I/490800/2023

"ഭരണഭാഷ-മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, തിരുവനന്തപുരം-33.

<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

<u>(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം – യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-
1. 01.10.2019 തീയതിയിലെ DT/2493/2019-A9 നമ്പർ ഉത്തരവ്.
2. കയ്യൂർ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 11/04/2023 തീയതിയിലെ ITI/KYYR/217/2013-K1നമ്പർ കത്ത്.
3. സ.ഉ (സാധാ) നം.112/2023/LBR തീയതി 08/09/2023.
4. 20.09.2023 തീയതിയിലെ DT/3044/2023-A9 നമ്പർ ഉത്തരവ്.

<u>ഉത്തരവ് നമ്പർ:DT/3165/2023-A9 തീയതി: 23-09-2023</u>

കണ്ണൂർ ഐ.ടി.ഐ യിൽ നിലവിലുണ്ടായിരുന്ന യു.ഡി സ്റ്റോർ കീപ്പർ തസ്തിക പുന:സ്ഥാപിച്ച് ടി സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കാൻ പരാമർശം (2) പ്രകാരം കയ്യൂർ ഐ.ടി.ഐ യിലെ യു.ഡി സ്റ്റോർ കീപ്പർ ശ്രീ.കെ.പവിത്രൻ അപേക്ഷ സമർപ്പിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഐ.ടി.ഐയിലെ സ്പെഷ്യൽ ഗ്രേഡ് സ്റ്റോർ കീപ്പർ തസ്തികയും, ചന്ദനത്തോപ്പ് ഐ.ടി.ഐയിലെ യു.ഡി സ്റ്റോർ കീപ്പർ തസ്തികയും പരസ്പരം മാറ്റി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാർമശം (4) പ്രകാരം സ്പെഷ്യൽ ഗ്രേഡ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. മേൽ പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചതിന് ശേഷം കണ്ണൂർ ഐ.ടി.ഐയിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് പരാർമശം (2) അപേക്ഷ പരിഗണിച്ചും , പരാമർശം (3) സർക്കാർ ഉത്തരവിന് വിധേയമായും ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നു

| ക്രമ നം. | പേര്/തസ്തിക/സ്ഥാപനം | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ.കെ.പവിത്രൻ<br>യു.ഡി സ്റ്റോർ കീപ്പർ<br>ഐ.ടി.ഐ.കയ്യൂർ | ഐ.ടി.ഐ.കണ്ണൂർ |

മേൽ പ്രകാരം സ്ഥലം മാറ്റം അനുവദിച്ചതിന് ശേഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

1. ഐ.ടി.ഐ കയ്യൂർ
2. ഐ.ടി.ഐ കട്ടപ്പന

വകുപ്പിലെ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകളിൽ **ഒരു ഒഴിവ് എസ്.സി/എസ്.റ്റി വിഭാഗകാർ ക്ക്** പ്രത്യേക നിയമനത്തിനായി സംവരണം ചെയ്തിരിക്കുന്നതിനാൽ കയ്യൂർ ഐടി.ഐ. യിലെ ഒഴിവ് ഒഴിച്ചിടുന്നു. ശേഷിക്കുന്ന ഒഴിവിൽ , പരാർമശം (1) എൽ .ഡി സ്റ്റോർ കീപ്പർ

തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും അർഹരായ ജീവനക്കാരന് KS & SSR ലെ പൊതുചട്ടം 28(b)(ii) പ്രകാരം 35600-75400 രൂപ ശമ്പള നിരക്കിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്/തസ്തിക | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | 111 | ശ്രീ.മുഹമ്മദ് റഫീഖ്.കെ.എം<br>എൽ .ഡി സ്റ്റോർ കീപ്പർ<br>ഐ.ടി.ഐ.കളമശ്ശേരി | ഐ.ടി.ഐ.കട്ടപ്പന |

സ്ഥലം മാറ്റം സ്ഥാനക്കയറ്റ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരെ അതാത് സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാർക്ക് അർഹത പ്രകാരമുള്ള ജോയിനിംഗ് ടൈം / ടി.എ എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>സ്വീകർത്താവ്:-</u>

ബന്ധപ്പെട്ട ജീവനക്കാർ
(സ്ഥാപനമേധാവി മുഖേനെ)

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ (എ9)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്